# നമാമിശങ്കരം

(രചനസംവിധാനംഡോ. സദനംഹരികുമാർ)

അവതരണം :ഗാന്ധിസേവസദനംകഥകളിഅക്കാദമി .

**രംഗം 1**

**രാഗംനാട്ട**

പുത്രനുള്ളസംരക്ഷണംചെയ്തനുഗ്രഹങ്ങളുമതേകിടാൻ

സർപ്പമാലകളണിഞ്ഞശംഭുവോടർഥനംചെയ്തോരമ്മതന്

ചാലവേയണഞ്ഞഞ്ജസാബാലശങ്കരൻമാതൃനേത്രവും

മെല്ലവേവന്നടച്ചനേരമന്നമ്മയോതിവാത്സല്യഭാഷണം

**രാഗം: നാട്ടതാളംചെമ്പട**

ശംഭുവിന്നുചാര്ത്തീടുവാൻബില്വമാലകോർത്തുവാഴുന്നോരുജനനി

തൻസമീപവുമാണഞ്ഞുശങ്കരൻബാലനന്നുലീലാവിനോദനായ്

അമ്മതന്റെപിൻപറ്റിയന്നവൻമന്ദമായടഞ്ഞുള്ളകണ്കളെ

മേല്ലവേയടച്ചുള്ളനേരമന്നന്പിനോടോതിയമ്മയുംമുദാ

**അമ്മരാഗംനീലാംബരിതാളംതൃപുട**

ഒമലുണ്ണിയെൻശങ്കരാഅമ്മയൊന്നുകൈലാസനാഥനെ

കണ്ടുധ്യാനിച്ചിടുന്നനേരമെൻകണ്ണ്പോത്തീടുന്നതെന്തിനായ്?

ശൈത്യമൂറുന്നമൺമണംതാവുമുണ്ണിനിൻപേലവഅംഗുലീ

സ്പർശനമതേറ്റുമമകണ്തടങ്ങളുംഹൃത്തടങ്ങളുംആർദ്രമായ്.

താതനില്ലാത്തനിന്റെതായാട്ടുകൾകണ്ടുമാനസംഫുല്ലമായ്

എന്റെജീവിതത്തിന്നുസാരമാംഅർത്ഥമെകിനീനന്ദന.

**ശങ്കരൻരാഗംകല്യാണിതാളം :പഞ്ചാരി**

പാർവതീശനാകിയചന്ദ്രചൂഡദേവനെ

കാണ്മതിന്നുവേണ്ടനിൻമനോജ്ഞമീനയനവും

ഉള്ളിലുള്ളനേത്രവുംതുറന്നുകാണ്കദർശനം

അന്ന്ശംഭുനിന്റെയന്തരംഗമണ്ഡപത്തിൽവന്നു

താണ്ഡവംനടത്തിടുന്നകാഴ്ചകണ്ടിടാം.

**അമ്മ.രാഗംബഹുധാരിതാളംചെമ്പട**

നിൻചൊല്ലിൻപോരുളറിയാതിന്നീയമ്മയുഴലുന്നുമകനെ.

എന്ത്നിനക്കിന്നേകണമീതാമരവിരലുകളിൽമകനെ.

പങ്കംപൂണ്ടൊരുതാമരപോൽനിൻകൈത്താരിലെഴു

ന്നഴുക്കു കഴുകികളഞ്ഞുവന്നാൽനൽകാം

അവിലുംമലരുംശർക്കരയുംഅടയും

**ശങ്കരൻ.ശങ്കാരഭരണംതാളംചെമ്പട**

വേറൊന്നാണ്തരേണ്ടത്നീഅത്ചോദിക്കിൽതരുമോ?

ലൌകികജീവിതംഒഴിഞ്ഞുസന്ന്യാസത്തിന്പോയിടാൻ

അനുവാദംനല്കീടായ്കിൽഞാൻപിണക്കമായ്പോകുന്നു

**അമ്മ ; രാഗം ശഹാനതാളംചെമ്പട**

എന്നെവെടിഞ്ഞിന്നെങ്ങുംപോകരുതെൻമകനെ നീയും.

നില്ക്കവിടില്ലഗമിപ്പാൻനിന്നെസന്ന്യാസത്തിന്നായ്.

**ശങ്കരൻ. രാഗം : ശഹാനചെമ്പട**

എന്നുടെപിൻപേ  ഓടാമോ എന്നെ  ഒന്ന്പിടിക്കാമോ

*(ശങ്കരൻഓടിഓടിപെരിയാറിൽചെന്ന്ചാടുന്നു.*

*അമ്മകരയിൽനിന്ന്വിലക്കുന്നു.*

**അമ്മരാഗം : പുന്നാഗവരാളിതാളംമുറിയടന്ത**

ചുഴിയിൽപെട്ടുഴലാതെ  തിരയിൽപെട്ടഴലാതെ
പെരിയാറിൽനിന്നുടനെകരയിൽവന്നാലും.

**ചെമ്പട**

അയ്യോനക്രം  അണഞ്ഞിടുന്നുനിന്നെഗ്രഹിച്ച്ചീടാൻ

ശീഘ്രം  നീന്തിയണഞ്ഞാലുംനീ  കരക്ക്നീമകനെ..

*(നക്രംപിടിക്കുവാൻവരുന്നു.)*

**ശങ്കരൻ ശ്ലോകം   കേദാരഗൌളം**

അമ്മെസന്യാസത്തിന്നായ്അനുമതിനല്കിടുമെന്നായ്കിൽ

എന്നുടൽവെടിയും  മുതലയിതെന്നത്നിർണ്ണയംമത്നീ  ധരിക്കുക,.

**അമ്മ ശ്ലോകം രാഗം നാട്ടകുറുഞ്ഞി**

നല്കുന്നനുവാദംസുതനെനിന്നാധ്യാത്മികയാത്രക്കായ്.

നിന്നാഗ്രഹമെൻഅനുഗ്രഹങ്ങളതായ്തീർന്നീടുംഉടനെ.

*(അമ്മഎപ്പോൾഎന്നെചിന്തിച്ചാലുംഞാൻഉടനെനിന്നരികിൽഎത്തിക്കൊള്ളാം .)*

## രംഗം 2

**രാഗം: സുരുട്ടിതാളം:  ചെമ്പട**

സന്ന്യാസം  സ്വീകരിപ്പാൻഗുരുവരനോരുവൻത  ന്നെയും  തേടി  മോദാൽ

കൈലാസം  തന്നിൽവാഴും  പരമഗുരുവരൻശര്വ്വനെ  തന്റെയുള്ളിൽ

ദര്ശിച്ചാ  ബാലക  ൻവെണ്മലയുടെ  നികടേവന്നപാടസ്പൃശൻതാന്

ചണ്ടാളൻശങ്കരൻതൻവഴിയതിലുടനെ നേർക്ക്നേർവന്നു ചൊല്ലി

**ശങ്കരൻ രാ ഗം : സുരുട്ടിതാളം : ചെമ്പട**

വേട്ടയാടി നീ കൊന്ന പക്ഷിയെ തോളിലെന്തിയെൻമാർഗ്ഗേ

നീ തടഞ്ഞിടാതിന്നുടൻപോക ചണ്ടാലവംശ ജാതനീ.

**ചണ്ടാലൻ രാഗംകാവടിചിന്ത് (പഞ്ചാരിരണ്ടടി**

ആറുകളനവധിഉണ്ടെന്നാകിൽസ്വാമി ജലമോന്നല്ലോ ബാലാ

അനവധിഉദ്ധാന (അടുപ്പ്) മതിൽകത്തീടും വഹ്നിയതോന്നല്ലോബാല

അനവധിദിക്കിലുദിക്കും സൂര്യഭാഗവാനൊന്നല്ലോ ബാല

നീയുംഞാനും ശ്വാസോച്ഛ്വാസംചെയ്യുംപ്രാണനുമോന്നല്ലോ ബാലാ

അനവധിജീവികളിൽവാഴുന്നോരു ജീവനുമോന്നല്ലോബാലാ

ഞാനുംനീയും ദ്വൈതമതെങ്കിലും അദ്വൈതവുമല്ലോബാലാ

**ദണ്ടകം**

ചണ്ടാലവേഷധരനായുള്ള ശംഭുവുടൻഅംഗം തെളിച്ചു വഴിപോലെ

ചെഞ്ചിടകൾതന്മേൽപഞ്ചമിയുദിച്ചു

ഹര്ഷപുളകിതമുടലിൽബാഷ്പങ്ങളൊഴുകിയുടന്

നേത്രാംബുവാൽമിഴി നിറഞ്ഞു.

ജ്ഞാനംതെളിഞ്ഞവന്ബോധംനിറഞ്ഞളവുകാണായിശംഭുവിനെമുന്നിൽ

ജ്ഞാനപരിവേഷൻസ്നേഹപരവേശന്.

പദനളിനമതിലവനുംപ്രണമിച്ചുസാഷ്ടാംഗം

സന്ന്യാസദീക്ഷയതുവാങ്ങി

അദ്വൈതസാരാമതുപാരിൽവിതക്കുവതിനായിട്ടുകല്പ്പനയുമെകി

ശങ്കരന്ശംഭുസല്ഗുരുവതായി

ദേശാന്തരങ്ങളിലുംദേശാടനത്തിലവൻ

അദ്വൈതസാരമതുമോതി

## രംഗം 3

**രാഗം : ധന്യാസിതാളം : പഞ്ചാരി**

പണ്ഡിതനായൊരുമണ്ഡനമിശ്രൻതന്നുടെധാർഷ്ട്യത്തെ

ഉച്ചാടനമതുചെയ്തവനെനിജശിഷ്യനതാക്കീടാൻ

ആദ്വൈതാമൃതസരമതിൻമധുരാനുഭവമതേകാന്

മണ്ഡനമിശ്രൻതന്നുടെപുരമതിലെത്തീശങ്കരനും

**മണ്ഡനമിശ്രന് രാ ഗംധന്യാസിതാളം : പഞ്ചാരി**

സ്വാഗതംബാലനീതർക്കിച്ചുജയിക്കിലിന്നു

ഞാൻഭവാന്റെ ശിഷ്യനായിടാം ദൃഢം ദൃഢം

**ശങ്കരൻരാഗംസാരംഗംതാളംചെമ്പട**

വന്ദനംദ്വിജവരാഎന്നെയിന്നുതോല്പ്പിക്കുകി/

ലായിടാംഭവാന്ഞാൻവിനീതശിഷ്യനായി

**മണ്ഡനമിശ്രൻരാഗംധന്യാസിതാളം : പഞ്ചാരി**

കർമ്മമാണ്സർവ്വകാര്യകാരണങ്ങളായ്ഭവിപ്പതർന്നു നീ മനസ്സിലാക്കിടേണമേ ശിശോ..സൂര്യ ചന്ദ്ര താരകൾ നടത്തിടുന്ന കർമ്മമീ

പ്രപഞ്ച മായ് ഭവിപ്പതെന്നറിഞ്ഞു കൊൾക നീ.

**ശങ്കരൻരാഗം സാരംഗം താളം ചെമ്പട**

കര്മ്മകാരി തന് ക്രിയക്ക്ഹേതുവായ കർമ്മഫല

ത്യാഗമാണ്കർമ്മമുക്തിമാര്ഗ്ഗമെന്നറിഞ്ഞു കൊൾക.

**മണ്ഡനമിശ്രൻരാഗം: ധന്യാസിതാളം : പഞ്ചാരി**

പ്രത്യക്ഷമതായിടുന്ന വസ്തുവാണ് നിത്യമായ

സത്യമെന്നറിഞ്ഞു കൊൾക ബാലഭൂസുര.

**ശങ്കരൻ . രാഗം : കല്യാണിതാളം:: ചെമ്പട**

ഭോജ്യമല്ല ഭോജ്യമാളും സ്വാദ്തന്നെയാണ്സത്യം
സ്വാദറിഞ്ഞിടുന്നമർത്യബോധമാണ്നിത്യസത്യം

സൂര്യനല്ല  സൂര്യരശ്മി നൽകിടും പ്രകാശവും

താപവും ഹരിതകങ്ങളും കലർന്ന സസ്യാജലം

ജീവ ജന്തു ജാലമതിനു ഭോജ്യമായ് ഭാവിപ്പതെന്ന

സത്യമിന്നറിഞ്ഞു കൊൾക പണ്ഡിതോത്തമാ

**മണ്ഡനമിശ്രൻരാഗം : കാപ്പിതാളം : പഞ്ചാരി**

നിത്യസത്യമായബ്രഹ്മതത്വസാരമേന്നതിനെ

മർത്യബോധമായി വാഴ്ത്തുവാനോരുങ്ങുമോ?

**ശങ്കരൻ . രാഗം : മധ്യമാവതിതാളം : ചെമ്പട**

തത്വമസിഎന്നതത്വമിന്നറിഞ്ഞിടായ്കിൽഎന്ത്

ചൊല്ലണംഭാവാനോടിന്നുഞാൻവൃദ്ധാദ്വിജാ

ജ്ഞാനമാണ്ജ്നാനിയായ്ഭാവിപ്പതെന്നസാരമിന്നു

നീയറിഞ്ഞിടേണമെന്നുഞാൻപറഞ്ഞിടാം.

ആര്ജ്ജിതങ്ങളായ ജന്മ വാസനക്കനുസൃതം

ഗ്രഹിച്ചിടുന്ന  ജ്ഞാനവും വിഭിന്നമായിടും

നാരിയെ കളത്രമായ്സ്വപുത്രിയായ്സഹോദരിയായ്

കാണ്മതിന്നു ഹേതുവാണ് ജന്മവാസന.

ഭിന്നമായ ദ്വൈതമായ സ്ഥൂല ദേഹമാകിലെന്ത്

സൂക്ഷ്മ രൂപിയായ ദേഹി അദ്വൈത മതറിക നീ.

**പത്നി രാഗം: മധ്യമാവതി**

പാതിമെയ്യാണിവന്നു ഞാനതിൻ മൂലമെന്റെ യീ ചോദ്യവും

നീ ശ്രവിച്ചതിനൊരുത്തരം നല്കിടാനുടന് ഒരുങ്ങിടുക

കാമകേളിയിൽ ദ്വൈതരായ മിഥുനങ്ങള് അദ്വൈതരായ് ഭവിപ്പതിന്

ശാസ്ത്രമോന്നനുഭവിച്ചുറച്ച നിന് ജ്ഞാനമൊന്നു പറയാവതോ

നാരിയോടു ചേർത്ന്നദ്വൈതഭാവ മാണ്ട നിൻ ജ്ഞാന മോതിടാൻ

നീ മടിക്കേണ്ടതില്ലഹോ ബാല ബ്രഹ്മചാരിയാം ഭൂസുരാ.

~~ബാലബ്രഹ്മചാരിയാമിവന്നൽകണംകാലതാമസം~~

~~ഒരുമാസത്തിനുശേഷംഞാൻബദൽനൽകിടാംഭവതീ.~~

~~വിടനല്കിറെനംഇന്നെനിക്ക്നീഇവിടന്നുടനെഞാനും.~~

ശങ്കരൻവിടപറയുന്നു.

## രംഗം 4

**രാഗം : തോഡി**

അന്നേരംനിജപത്നിയോത്തോരചനുംസന്തോഷഭാവംനുകർ-

ന്നംബോജങ്ങൾവിടർന്നപൊയ്കയതുതൻതീരത്ത്വാഴുംപോഴാ

കാലംകാലനതായിവന്നുനൃപനെകൈക്കൊണ്ടുപോകുന്നോരാ

നേരംശങ്കരനങ്ങണഞ്ഞ/മരുകൻതന്നന്തികേ നിസ്വനായ്

**രാജ്ഞിരാഗംഹംസാനന്ദീതാളംചെമ്പ**

മൃത്യേശ്വരാ മൽപതിക്കീവിധം നീ ശിക്ഷനല്കീടരുതു ദൈവമേ പാഹിമാം.

ശങ്കരാ നീഅറിയാതെന്റെ കാന്തനെ ധർമ്മരാജ ൻകൊണ്ട്പോകില്ല നിർണ്ണയം.

മൽസുതനെ യുവരാജനായ്തീർപ്പോളം ഇന്നിവൻജീവനെടുകരുതെ ശംഭോ.

*(ശങ്കരൻരാജാവിന്റെ മൃതശരീരത്തിലേക്ക്പ്രവേശിക്കുന്നു.*
*രാജാവ്ഉയിര്ത്തെഴുന്നേൽക്കുന്നു.പ്രജകളോടുആഹ്വാനംചെയ്യുന്നു.)*

**രാജാവ്ശ്ലോകംരാഗംകേദാരഗൌളം**

പ്രാണൻമാത്രമതാണ്ശാശ്വതമതെന്നംബോടറിഞ്ഞിടണം

പ്രേമംമാത്രമതാണ്നിത്യതയുമേന്നെന്നുംധരിച്ചീടണം

ഇക്കാണുന്നശരീരമിന്നുദ്വയമായ്കാണ്ന്നതെന്നാകിലും

അദ്വൈതചരടിൽകൊരുത്തമണികൾപോലാണ്ജന്മങ്ങളും..

## രംഗം 5

**കാപാലികൻ . രാഗം: ബിലഹരി**

ഹിമഗിരിസാനുവിലെത്തിയശങ്കരനികടേകാപാലികനൊരുവൻ

ജ്നാനമിയന്നൊരുശീർഷമറുത്തുപിനാകിക്കായിസമർപ്പിക്കാന്

ശങ്കരനുടെഗളനാളംഭേദിച്ചീടാൻഖഡ്ഗവുമേന്തിയവന്

പാർത്തുനടിച്ചനുവാദമിരന്നുരചെയ്താൻശങ്കരനോടിത്ഥം

**കാപാലികൻരാഗം :ബിലഹരിതാളം: ചെമ്പട**

ദാനമെകണംജ്ഞാനിയായനീശങ്കരാഖ്യപ്രഭോ.

**ശങ്കരൻ . രാഗം : സാവേരിതാളം : ചെമ്പട**

എന്ത് വേണമത്ചൊല്കിലേകിടാം നിർണ്ണയം യോഗിവര്യരെ

**കാപാലികൻരാഗം :ബിലഹരിതാളം: ചെമ്പട**

ജ്നാനപീയൂഷമുഗ്ദ്ധമായ നിൻശീർഷമിന്നു മമ നൽകണം

**ശങ്കരൻ . രാഗം : സാവേരിതാളം : ചെമ്പട**

ആര്ചൊല്ലിയെൻജ്നാനമീ തലയിലാണതെന്ന്തുമുരചെയ്ക നീ .

**കാപാലികൻരാഗം :ബിലഹരിതാളം: ചെമ്പട**

നിൻകപാലാമത്നല്കിടായ്കിൽഞാൻപോയിടാംഇങ്ങു നിന്നുടൻ

**ശങ്കരൻ . രാഗം : സാവേരിതാളം : ചെമ്പട**

നൽകിടുന്നുഞാൻഎന്റെശീര്ഷമിതു നീ അരിഞ്ഞെടുത്തീടുക.

ഞാനിതാ പരബ്രഹ്മമായ് ചേർന്നു ധ്യാനമായ് വാഴും വേളയിൽനീ
അരിഞ്ഞെടുത്തീടുകെന്റെ ശീർഷം ഖേദമില്ല നല്കീടുവാൻ

ധ്യാനവുംപൂണ്ടുവാണിടുംശങ്കരന്റെകന്ധരമറുക്കുവാന്

വാള്റഞ്ഞകരമുഷ്ടിവായുവിലുയർത്തിശങ്കരസമീപവും

വന്നണഞ്ഞഭൂദേവഹത്യയതുചെയ്തിടാൻനരഹരിപ്രഭു

സിംഹഗര്ജ്ജനമുതിര്ത്തു ഭൂസുരൻതന്റെനേർക്കവനണഞ്ഞുതാന്

ഭിക്ഷു ശങ്കരൻ

ഹന്ത എന്നഹന്ത പൂർണ്ണമായോഴിഞ്ഞു ഭക്തി പൂർണ്ണ

മായ ഭാജനത്ത്തിൽ ഏകിടാവു ഭോജനം.

പ്രേമ ഭാജനന്തിൽ നീ ഒഴിച്ചിടുന്നൊരന്നമെന്റെ

ചിത്തവും ശരീരവും സുദൃഢമാക്കിടും

ചിത്ത ശുധിയാണ്ട ദേഹമാണ് നന്മ ചെയ് വതിന്നോ

രായുധമറിഞ്ഞു കൊൾകമാതൃ ദേവതേ

നീ കൊടുത്തതാണ് നീ എടുത്തിടുന്നതെന്ന സത്യ

മിന്നു നീ യറിഞ്ഞിടെണമമ്മേ

നാണ്യ മാകിലും ധാന്യമാകിലും ചേലയാകിലും  എനിക്ക്

നല്കിടാനരുതു മാന്ദ്യ മേതുമേ നിനക്കഹോ

വൃദ്ധ

തേജസ്സെഴുന്നോരുണ്ണീ നിനക്ക് നല്കുവതെന്തിഹ ഞാൻ

അന്നവുമില്ലിഹ നാണയ മില്ലിഹ വസ്ത്രവുമില്ലയ്യോ.

മോരും പാലും പാനകവും തീർന്നു കഴിഞ്ഞല്ലോ

എന്നെ എന്തിന്നീവിധമൊന്നു പരീക്ഷിപ്പതിനായ് നീ വന്നു.

ഉണ്ണീ നിൽക്കുക ഇന്ന് ലഭിച്ചൊരു നെല്ലിക്കാ ഫലമുണ്ടെൻ ചേല

തുംമ്പിൽ കേട്ടിയതംബിൽ നിനക്കായ് നൽകീടാം ഞാനും..

**രാഗംമധ്യമാവതി**

ശങ്കരദിഗ്വിജയംജഗദ്ഗുരുശങ്കരദിഗ്വിജയം

***************************************************************************************
********************